57 (966) തൊഴിലാളികൾക്ക് മിനിമം കൂലി

ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. കെ.പി. രാജേന്ദ്രൻ :
പ്രൊഫസർ മീനാക്ഷി തമ്പാൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ആർ. ലതാദേവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും വിഭാഗം തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിക്കുവാനുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് ഇനി മിനിമംകൂലി നിശ്ചയിക്കുവാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അച്ചടിശാലാ തൊഴിലാളികളുടെ പുതുക്കിയ കുറഞ്ഞകൂലി നിരക്കുകൾ എത്ര വീതമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മിനിമം വേതനം നിശ്ചയിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ മിനിമം വേതനനിയമത്തിന്റെ പാർട്ട്-1 പട്ടികയിൽപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന തൊഴിൽ മേഖലകളിൽ ഇനി മിനിമം വേതനം നിശ്ചയിക്കേണ്ടതുണ്ട് :-

1) മാർബിൾ ആന്റ് ഗ്രാനൈറ്റ് വ്യവസായം.
2) ബേക്കറി, ടോഫി.
3) ഇലക്ട്രിക് എക്വിപ്പ്മെന്റ്സ് ഹോം അലയൻസസ്, സോഫ്റ്റ് വെയർ സിസ്റ്റം.
4) സോപ്പ് നിർമ്മാണം.
5) കംപ്യൂട്ടർ സോഫ്റ്റ്വെയർ.
6) പ്ലാസ്റ്റിക് നിർമ്മാണം.
7) വയർകട്ട് ബ്രിക്സ്.
8) സ്ക്രീൻ പ്രിന്റിംഗ്.
9) ഹാന്റിക്രാഫ്റ്റ്സ്.
10) റെഡിമെയ്ഡ് വസ്ത്രനിർമ്മാണം.
11) ചലച്ചിത്രനിർമ്മാണം, ടെലിഫിലിം നിർമ്മാണം.
12) ഡയമണ്ട് കട്ടിംഗ് ആന്റ് പോളീഷിംഗ് മേഖല.
13) ഖാദി വ്യവസായം.
14) ചൂരൽ-മുളവ്യവസായം.
15) സെക്യൂരിറ്റി സർവ്വീസ്.
16) യന്ത്രവത്കൃത മൽസ്യബന്ധനമേഖല.
17) സ്വകാര്യ വിദ്യാലയങ്ങളിലെ അദ്ധ്യാപകരല്ലാത്ത ജീവനക്കാർ.

(സി) അച്ചടിശാല തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള പ്രാഥമിക വിജ്ഞാപനം 22551/ഇ1/99/തൊഴിൽ തീയതി. 6-11-1999-ൽ എന്ന നമ്പരിൽ ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ നൽകിയിട്ടുണ്ട്. അത് പ്രസിദ്ധീകരിച്ച ശേഷം രണ്ടുമാസത്തിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

അതുവരെയുള്ള പരാതികൾ പരിശോധിച്ച് അന്തിമ തീരുമാനം എടുക്കുന്നതാണ്.

ഇവർക്ക് ഇപ്പോൾ 3-11-1994-ൽ നിശ്ചയിച്ച താഴെപ്പറയുന്ന നിരക്കുകളാണ് പ്രാബല്യത്തിലുള്ളത്.

1) ക്ലീനർ, പ്യൂൺ, വാച്ച്മാൻ, മസ്ദൂർ, സ്വീപ്പർ } പ്രതിമാസം 620 രൂപ

2) സ്കിൽഡ്വർക്കേഴ്സ്
1. പ്രിന്റർ
2. കമ്പോസിറ്റർ } പ്രതിമാസം 664 രൂപ
3. ബൈന്റർ

3) 1. സ്കിൽഡ്വർക്കേഴ്സ് -25 രൂപ പ്രതിദിനം
2. അൺസ്കിൽഡ് വർക്കേഴ്സ് -24 രൂപ പ്രതിദിനം

4) പ്രായം 15നും 18നും മദ്ധ്യേ ഉള്ളവർക്കും മുകളിൽ പറയുന്ന കൂലിയുടെ 75 ശതമാനം നൽകും.

ഇതുകൂടാതെ 350 പോയിന്റിനുമുകളിലുള്ള ഓരോ പോയിന്റിനും കൺസ്യൂമർ പ്രൈസ് ഇൻഡക്സ് അനുസരിച്ച് രണ്ടു രൂപ വീതവും അടിസ്ഥാനശമ്പളത്തിന്മേൽ ഡി.എ. ലഭിക്കും. ദിവസക്കൂലിക്കാർക്ക് 350 പോയിന്റിനുമേൽ വരുന്ന ഓരോ പോയിന്റിനും 8 പൈസ നിരക്കിൽ ഡി.എ. ലഭിക്കും.

58 (967) ട്രേഡ് യൂണിയൻ നിയമം

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. പി. രാജു :
ശ്രീ. യു.എസ്. ശശി :
ശ്രീ. ജോസ് ബേബി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രേഡ് യൂണിയൻ അംഗീകാരനിയമം സംബന്ധിച്ച നിർദ്ദേശങ്ങൾ ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) ട്രേഡ് യൂണിയനുകളുടെ രജിസ്ട്രേഷനുവേണ്ടി സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ട്രേഡ് യൂണിയനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) ഒരു ട്രേഡ് യൂണിയൻ രൂപവൽക്കരിക്കാനുദ്ദേശിക്കുന്നവർ പൊതുയോഗം ചേർന്ന് നിർദ്ദിഷ്ടമായപേരിലും വിലാസത്തിലും ഒരു യൂണിയൻ രൂപീകരിക്കുവാൻ തീരുമാനിക്കുന്ന ഒരു പ്രമേയം പാസ്സാക്കുകയാണ് ആദ്യം ചെയ്യേണ്ട നടപടിക്രമം ബന്ധപ്പെട്ട ട്രേഡിൽ അഥവാ ബിസിനസ്സിൽ

LIBRARY ARCHIVES Kerala Legislative Assembly